# 2

# മഴമേളം



## ആമുഖം

മഴ കുട്ടികൾക്ക് ആസ്വാദ്യകരമായ അനുഭവമാണ്. മഴയുമായി ബന്ധപ്പെട്ട ഓർമകൾ, അനുഭവങ്ങൾ എന്നിവ പറയാനും കേൾക്കാനും കുട്ടികൾക്ക് ഇഷ്ടമാണ്. മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങൾ, ജലത്തിന്റെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട ആശയ രൂപീകരണത്തിനാണ് ഈ യൂണിറ്റിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. മഴ പ്രമേയമായിവരുന്ന പാട്ടുകൾ പാടാനും കഥകൾ കേൾക്കാനും ചിത്രകഥകൾ വായിക്കാനും ഈ യൂണിറ്റിൽ അവസരമുണ്ട്.



## യൂണിറ്റ് ഫ്രെയിം

## ഭാഷ

| ആശയങ്ങൾ/ശേഷികൾ | വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • കവിതകൾ ആംഗ്യത്തോടെയും താളത്തോടെയും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ.<br>• താളത്തോടെ ചൊല്ലുന്ന കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കൽ.<br>• വായിച്ചു കേട്ട പാഠങ്ങളിൽനിന്ന് ആശയം ഗ്രഹിക്കൽ.<br>• മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം അനുഭവങ്ങൾ പറയുകയും ചെയ്യൽ.<br>• മഴയുമായി ബന്ധപ്പെട്ട ആശയങ്ങൾ പറഞ്ഞും വരച്ചും അഭിനയിച്ചും അവതരിപ്പിക്കൽ. | ***പരിചയപ്പെടുത്തുന്ന വ്യവഹാര രൂപങ്ങൾ***<br>- കഥ<br>- പാട്ട്<br>- സംഭാഷണം<br><br>***പ്രകടിത വ്യവഹാരരൂപങ്ങൾ***<br>- കവിത, കഥ<br>***അക്ഷരങ്ങൾ***<br>മ, ഴ, ല, ക, ട, ള<br>കൂട്ടക്ഷരങ്ങൾ<br>റ്റ, ക്ക<br>***ചിഹ്നങ്ങൾ***<br>ി ീ<br>***പ്രയോഗങ്ങൾ/ശൈലികൾ***<br>വയലും തോടും<br>കിണറും കുളവും<br>പുഴയും കരയും | • മഴ പ്രമേയമായി വരുന്ന, കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു.<br>• മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം മഴയനുഭവങ്ങൾ പറയുകയും ചെയ്യുന്നു.<br>• മഴയുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ,ആശയങ്ങൾ എന്നിവ അഭിനയിച്ചു കാണിക്കുന്നു. |

## യൂണിറ്റ് ഫ്രെയിം

## ഭാഷ

| ആശയങ്ങൾ/ശേഷികൾ | വ്യവഹാരരൂപങ്ങൾ/ഭാഷാ വസ്തുതകൾ/ഊന്നൽ അക്ഷരങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ചിത്രങ്ങൾ/പദങ്ങൾ/വാക്യങ്ങൾ ബന്ധപ്പെടുത്തിയും ചോദ്യങ്ങൾ ചോദിച്ചും പാഠത്തിലെ സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കൽ.<br>• പാഠത്തിൽ നിന്ന് നിശ്ചിതപദങ്ങൾ, വാക്യങ്ങൾ എന്നിവ തിരഞ്ഞെടുക്കൽ, വായിക്കൽ (Graphic reading).<br>• അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധിയോടെ പദങ്ങൾ, വാക്യങ്ങൾ വായിക്കൽ.<br>• അക്ഷരങ്ങളുടെ വലുപ്പം, ആകൃതി, ആലേഖനക്രമം എന്നിവ തിരിച്ചറിയൽ, എഴുതൽ.<br>• കഥ കേട്ട് ആശയം ഗ്രഹിക്കുകയും സംഭവങ്ങൾ കൂട്ടിച്ചേർത്തു കഥ പൂർത്തിയാക്കുകയും ചെയ്യൽ. | • കുട –<br>കറുത്ത കുട<br>കാലൻ കുട<br>..... കുട...<br><br>മഴയത്തൂടെ<br>ദേഹത്തൂടെ<br>ഓരത്തൂടെ<br>തീരത്തൂടെ<br><br>ചൂടാം<br>പോകാം | • മഴയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ സ്വന്തം ആശയങ്ങൾ എന്നിവ ചിത്രംവര, നിർമാണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു.<br>• പദങ്ങൾ, വാക്യങ്ങൾ എന്നിവയുടെ ലിപി നിരീക്ഷിച്ചും ഉച്ചാരണം ശ്രവിച്ചും ആശയം ഗ്രഹിക്കുകയും വായിക്കുകയും ചെയ്യുന്നു.<br>• ശബ്ദവും ലിപിരൂപവും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു.<br>• കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ പ്രവചിച്ച് കഥ പൂർത്തിയാക്കി പറയുന്നു. |

**യൂണിറ്റ് ഫ്രെയിം** **പരിസരപഠനം**

| ആശയങ്ങൾ/ധാരണകൾ | പ്രക്രിയാശേഷികൾ | പഠനനേട്ടങ്ങൾ |
|---|---|---|
| **പരിസരപഠനം**<br>• മഴക്കാലത്ത് ചുറ്റുപാടും മാറ്റങ്ങൾ ഉണ്ടാകുന്നു.<br>• മഴക്കാലത്ത് ജലാശയങ്ങൾ നിറയുന്നു. (കുളം, തോട്, കിണർ, നദി.....)<br>• കരയിലെപ്പോലെ ജലത്തിലും ജീവികളുണ്ട്.<br>• മഴവെള്ളം മണ്ണിൽ താഴുന്നു.<br>• വെള്ളത്തിന് പല ഉപയോഗങ്ങളുണ്ട്.<br>• ജലം കരുതിവയ്ക്കേണ്ടതും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതുമാണ്. | • നിരീക്ഷണത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്നു.<br>• വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു.<br>• സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി വർഗീകരിക്കുന്നു.<br>• നിരീക്ഷണവിവരങ്ങൾ വിശകലനം ചെയ്ത് പൊതു നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• പ്രശ്നപരിഹരണത്തിനാവശ്യമായ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. | • മഴക്കാലത്ത് ചുറ്റുപാടുമുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വിവിധ രീതിയിൽ അവതരിപ്പിക്കാൻ കഴിയുന്നു.<br>• ജലജീവികളെക്കുറിച്ച് കണ്ടെത്തിയ കാര്യങ്ങൾ വ്യത്യസ്ത രീതികളിൽ ആശയവിനിമയം ചെയ്യുന്നു.<br>• ജലവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. കണ്ടെത്തലുകൾ വിശദീകരിക്കുന്നു.<br>• ജലോപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കാൻ കഴിയുന്നു. |

## പാഠഭാഗത്തേക്ക്

മഴമേളം എന്ന പാഠത്തിന്റെ അവതരണത്തിന്റെ മുന്നോടിയായി താഴെ കൊടുത്ത പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

**മഴക്കൈയടി** — **പ്രവർത്തനം - 1**

*ഈ പ്രവർത്തനം ശ്രദ്ധയോടെ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും സൂക്ഷ്മപേശീ വികാസത്തിനുതകുന്നതുമാണ്. അതുപോലെ ശബ്ദവ്യത്യാസങ്ങൾ തിരിച്ചറിയുന്നതിനും അവസരം നൽകുന്നു.*

കൈവെള്ളയിൽ ചൂണ്ടുവിരൽ അടിച്ച് ശബ്ദമുണ്ടാക്കുന്നു. തുടർന്ന് ക്രമത്തിൽ രണ്ട്, മൂന്ന്, നാല് വിരലുകൾ അടിച്ചുകൊണ്ട് ശബ്ദമുണ്ടാക്കുന്നു. തുടർന്ന് നാല്, മൂന്ന്, രണ്ട്, ഒന്ന് എന്ന ക്രമത്തിൽ വിരലുകളുടെ എണ്ണം കുറച്ച് ശബ്ദം കുറച്ചുകൊണ്ടുവരുന്നു.

ശബ്ദവ്യത്യാസം തിരിച്ചറിഞ്ഞ് മഴയുടെ ശക്തി കൂടുന്നതും കുറയുന്നതും കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയില്ലേ?

**മഴമേളം കേൾക്കാം** — **പ്രവർത്തനം - 2**

*ഈ പ്രവർത്തനം സ്ഥൂലപേശീ വികാസത്തിനുതകുന്ന കളിയാണ്.*

സംഘം ചേർന്ന് കുട്ടികൾക്ക് കളിക്കാൻ അവസരം നൽകണം. ശബ്ദവ്യത്യാസം തിരിച്ചറിയുന്നതിനായി മറ്റെന്തൊക്കെ പ്രവർത്തനങ്ങളാവാം?



- വ്യത്യസ്ത പ്രതലങ്ങളിൽ (പാത്രം, കടലാസ്, ഇല.....) വെള്ളം വീഴ്ത്തി ശബ്ദവ്യത്യാസം ഉണ്ടാക്കൽ. 'മഴവീഴ്ത്തി' ഉപയോഗിച്ച് ഈ പ്രവർത്തനം ചെയ്തുകൂടേ?
- വ്യത്യസ്ത അളവിൽ ഗ്ലാസുകളിൽ വെള്ളമെടുത്ത് സ്പൂൺകൊണ്ട് തട്ടി ശബ്ദമുണ്ടാക്കൽ.
- കുപ്പികളിൽ വ്യത്യസ്ത അളവിൽ വെള്ളം/ചരൽക്കല്ല് നിറച്ച് കുലുക്കുമ്പോൾ...
- 



**ആയിത്തീരൽ കളി** — **പ്രവർത്തനം - 3**

മഴക്കാലത്ത് ഏതൊക്കെ ജീവികളുടെ ശബ്ദം കേൾക്കാം? (തവള, ചീവീട്)

അധ്യാപിക, എല്ലാവരും തവളകൾ എന്നു പറയുമ്പോൾ കുട്ടികളെല്ലാം തവളകളായി ശബ്ദമുണ്ടാക്കിക്കൊണ്ട് ചാടുന്നു. തുടർന്ന് ടീച്ചർ മഴപെയ്യുന്നു എന്ന് പറയുമ്പോൾ എല്ലാവരും കുട തുറക്കുന്നതായി അഭിനയിക്കണം. (ടീച്ചർക്ക് മഴയുടെ ശബ്ദമുണ്ടാക്കാം). തുടർന്ന്,

കാറ്റടിക്കുന്നു - കുട്ടികൾ കാറ്റിൽ കുട മുറുകെപ്പിടിക്കുന്നു.

മഴതോർന്നു - കുട്ടികൾ കുട മടക്കി വയ്ക്കുന്നു.

**മഴയനുഭവം പറയൽ** — **പ്രവർത്തനം - 4**

*ഭാഷണശേഷി വികസിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനമാണിത്.*

- കുട്ടികൾ അവരുടെ അനുഭവങ്ങൾ പറയുന്നു. എല്ലാ കുട്ടികൾക്കും മഴയനുഭവങ്ങൾ ഉണ്ടാകുമല്ലോ. എങ്കിൽ എല്ലാവർക്കും പറയാൻ അവസരം നൽകേണ്ടേ?

എന്തൊക്കെയാവാം?

- യാത്രയിൽ മഴപെയ്യുമ്പോൾ കുട തുറക്കാൻ പറ്റാതെ മഴ നനയേണ്ടി വന്നത്.
- മഴക്കാലത്ത് മുറ്റത്ത് വഴുതി വീണത്.
- 
- ഒരേ തരം അനുഭവങ്ങൾ ആവർത്തിക്കാൻ സാധ്യതയില്ലേ? ഇതിനെ മറികടക്കാൻ എന്തു ചെയ്യാം?
  - വ്യത്യസ്ത സന്ദർഭങ്ങളിലെ മഴയനുഭവങ്ങൾ പറയാനവസരം, (യാത്ര, വീട്, വിദ്യാലയം, കളി...)
  - അധ്യാപികയും തന്റെ മഴയനുഭവം പറയുന്നു.

**വിലയിരുത്തൽ**




- എല്ലാ കുട്ടികൾക്കും അനുഭവങ്ങൾ പങ്കുവയ്ക്കാൻ കഴിഞ്ഞുവോ?
- നിസ്സങ്കോചമായും വ്യക്തമായും ആശയക്രമത്തോടെയും അനുഭവങ്ങൾ പറയാൻ കഴിഞ്ഞവർ ആരൊക്കെ?
- എല്ലാവരും കേൾക്കെ പറയാനുള്ള കഴിവ്, അറിയാവുന്ന കാര്യങ്ങൾ ക്രമീകരിച്ച് പറയാനുള്ള ശേഷി.
- അനുഭവങ്ങൾ പറയുക എന്നത് കുട്ടിയിലുണ്ടാവേണ്ട ഒരു ശേഷിയാണ്. അനുഭവങ്ങൾ കേൾക്കലും ഇതുപോലെ തന്നെ പരിഗണിക്കേണ്ടതല്ലേ? അതിന് കുട്ടിയെ പ്രേരിപ്പിക്കുന്നതിന് എന്തു ചോദ്യം ചോദിക്കാം?
- ആരുടെ അനുഭവമാണ് നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്?



നിങ്ങളെപ്പോലുള്ള ഒരു കുട്ടി മഴ കാണാനിറങ്ങിയത് പാഠപുസ്തകത്തിലുണ്ട്. പാഠപുസ്തകം പേജ് 26, 27 നിരീക്ഷിക്കുന്നു.

**ചിത്രവായന**

**പ്രവർത്തനം - 5**

(പാഠപുസ്തകം, പേജ് 26-27)

- ചിത്രത്തിൽ എന്തൊക്കെയുണ്ട്?
- ഓരോരുത്തരും ചെയ്യുന്നതെന്ത്?
- മഴവരുമ്പോൾ എന്തൊക്കെ കാണാം?

ഒന്നാം പാഠത്തിൽനിന്ന് രണ്ടാം പാഠത്തിലെത്തുമ്പോൾ ചിത്രവിവരണത്തിൽ എന്തു വളർച്ചയാണ് നാം പ്രതീക്ഷിക്കേണ്ടത്?

- വസ്തുക്കൾ/ചിത്രങ്ങളുടെ പേരുകൾ മാത്രം പറയുന്നതിൽനിന്നു വിശേഷണങ്ങൾ ചേർത്തുകൊണ്ട് പറയുന്നതിന്.
- വാക്യങ്ങളിൽ പറയുന്നതിന്.

എങ്കിൽ അധ്യാപികയുടെ ഇടപെടൽ എങ്ങനെയാവണം?

- ചില മാതൃകാവാക്യങ്ങൾ പറഞ്ഞുകൊണ്ട്.

  ഉദാ: ഉയർന്ന് ചാടുന്ന മീൻ.
  വെള്ളത്തിലേക്ക് ഇറങ്ങുന്ന ആമ.
  പെൺകുട്ടി കുട ചൂടി നിൽക്കുന്നു.
- ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട്.

  ഉദാ: തവള എവിടെയാണ് ഇരിക്കുന്നത്?

## ഞാൻ കണ്ട മഴ (ചിത്രംവര)

(പാഠപുസ്തകം, പേജ് 28)

**പ്രവർത്തനം - 6**




*സർഗാത്മകവികാസത്തിനും സൂക്ഷ്മപേശീ വികാസത്തിനും ഉതകുന്ന പ്രവർത്തനമാണിത്.*



മഴയത്തെ കാഴ്ചകളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

മഴയുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ അടങ്ങിയ ചിത്രം സ്ലേറ്റിൽ വരയ്ക്കാൻ നിർദേശിക്കുന്നു. ചിത്രങ്ങളെപ്പറ്റി പറയാൻ അവസരം.

ചിത്രങ്ങളുടെ പൊതുപ്രദർശനം

- താൻ വരച്ചതിൽനിന്ന് എന്തെല്ലാം കാര്യങ്ങളാണ് കൂടുതലായി കൂട്ടുകാരുടെ ചിത്രങ്ങളിലുള്ളത്?
- ചിത്രം മെച്ചപ്പെടുത്തി വരയ്ക്കുകയാണെങ്കിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തും? കുട്ടികൾക്ക് പറയാനവസരം.




പാഠപുസ്തകം പേജ് 28 ൽ വ്യക്തിഗതമായി ചിത്രം വരയ്ക്കുന്നു. ആവശ്യമെങ്കിൽ നിറം നൽകട്ടെ. കുട്ടികളുടെ ചിത്രങ്ങളെ (സ്ലേറ്റിലെയും പാഠപുസ്തകത്തിലെയും) എത്രപേർക്ക് മെച്ചപ്പെടുത്തി വരയ്ക്കാൻ സാധിച്ചിട്ടുണ്ട്?

## ചിത്രം നോക്കി അഭിനയിക്കാം

(പാഠപുസ്തകം, പേജ് 28)

*സ്ഥൂല-സൂക്ഷ്മ പേശീവികാസത്തിനും വ്യത്യസ്ത രീതിയിൽ ആശയം പ്രകടിപ്പിക്കാനുമുള്ള പ്രവർത്തനമാണിത്.*

പാഠപുസ്തകം പേജ് 28 ലെ ചിത്രങ്ങൾ വ്യക്തിഗതമായി നിരീക്ഷിക്കുന്നു. (നാല് ഗ്രൂപ്പിൽ). ഓരോ ചിത്രത്തിലെയും കാഴ്ചകൾ കണ്ടെത്തി പറയുന്നു. ഒരു ഗ്രൂപ്പ് ഒരു ചിത്രത്തിലെ കാഴ്ചകൾ അവതരിപ്പിച്ചാൽ മതി.

ഗ്രൂപ്പടിസ്ഥാനത്തിൽ ഓരോ ചിത്രത്തിലെയും സംഭവങ്ങൾ അഭിനയിച്ചു കാണിക്കുന്നു. (ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതില്ല എന്ന് നിർദേശിക്കാം). ഗ്രൂപ്പിലെ എല്ലാവർക്കും ഒന്നിച്ച് അഭിനയിക്കാൻ അവസരം നൽകുന്നതല്ലേ നല്ലത്? കുട്ടികൾക്ക് അവതരണത്തെക്കുറിച്ച് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം. തുടർന്ന് അധ്യാപിക മടക്കധാരണ (ഫീഡ്ബാക്ക്) നൽകുന്നതല്ലേ ഉചിതം? ഇതേ രീതിയിൽ എല്ലാ ചിത്രങ്ങളിലെയും സംഭവങ്ങൾ ക്ലാസിൽ അവതരിപ്പിക്കാം.



ഇതുപോലെ അഭിനയിച്ചു കാണിക്കുന്നതിന് ഇനി എന്തെല്ലാം സന്ദർഭങ്ങൾ നൽകാം?

- വഴുക്കലുള്ള വയൽവരമ്പിലൂടെ നടക്കുന്നത്.
- മഴവെള്ളത്തിൽ കടലാസ്തോണിയിറക്കി കളിക്കുന്നത്.
- തോർത്ത് ഉപയോഗിച്ച് വെള്ളത്തിൽനിന്ന് പരൽമീനുകളെ പിടിക്കുന്നത്.
- മുട്ടോളം വെള്ളത്തിൽ നടക്കുമ്പോൾ കാൽതെറ്റി വീഴുന്നത്.

ഓരോ ഗ്രൂപ്പിനും സന്ദർഭങ്ങൾ എന്താണെന്ന് അധ്യാപിക രഹസ്യമായി നിർദേശം നൽകിയാൽ മതി. മറ്റ് ഗ്രൂപ്പുകൾ അഭിനയിച്ചതെന്താണെന്ന് കണ്ടെത്തി പറയട്ടെ.

**പാഠത്തിലേക്ക് (മഴ വന്നു)**

(പാഠപുസ്തകം, പേജ് – 29)

**പ്രവർത്തനം - 8**

(ചിത്രവായന, പാഠപുസ്തകം പേജ് 26) ചിത്രത്തിൽ ആരൊക്കെ? എന്തൊക്കെ? ചിത്രത്തിലെ കുട്ടിയുടെ പേരെന്തായിരിക്കും? പ്രതികരണം (ചിത്രവായന, എന്തൊക്കെ സൂചനകളാവാം?)

മഴക്കാഴ്ചകൾ കാണാൻ വിമല പുറത്തിറങ്ങി. അവൾ ആകാശത്ത് ഒരു കാഴ്ച കണ്ടു. എന്താണെന്ന് ഊഹിച്ച് പറയാമോ?

ചില സൂചനകൾ നൽകാം.

- പല നിറങ്ങളുണ്ട്.
- വളഞ്ഞ ആകൃതിയിലാണ്.
- നിങ്ങളുടെ പാഠപുസ്തകത്തിന്റെ കവറിൽ അതിന്റെ ചിത്രമുണ്ട്.

കുട്ടികൾ നിരീക്ഷിച്ച് മഴവില്ല് കണ്ടെത്തുന്നു.

- മഴവില്ലുമായി ബന്ധപ്പെട്ട എന്തൊക്കെ ആർജിത അറിവുകൾ ഉണ്ട്?


നോട്ട് ബുക്കിലേക്ക്

കവർചിത്രം നോക്കി മഴവില്ല് വരച്ചു നിറം കൊടുക്കാൻ ഗൃഹപാഠം നൽകാമല്ലോ.

**ആഖ്യാനം**

**പ്രവർത്തനം - 9**

അമ്മേ... അമ്മേ... വേഗം വരൂ.

വിമല ഓടിച്ചെന്ന് അമ്മയെ വിളിച്ചു. അവൾ അമ്മയെയും കൂട്ടി പുറത്തിറങ്ങി.

ങേ, മഴവില്ല് എവിടെ?

മഴവില്ല് കാണാനില്ലല്ലോ

മഴവില്ല് മാഞ്ഞു.

മാനം കറുത്തു.

ആഖ്യാനത്തിന്റെ ഭാഗമായി ഈ ഭാഗം അവതരിപ്പിക്കാം.



കുട്ടികളുടെ പ്രതികരണമായി വരുന്ന രൂപീകരിക്കേണ്ട പാഠങ്ങൾ (ഇവോൾവിങ് ടെക്സ്റ്റ്) എന്തൊക്കെയാവാം?

- പിന്നീട് എന്തു സംഭവിച്ചിരിക്കും? എന്ന ചോദ്യത്തിനുത്തരമായി വരുന്ന കുട്ടികളുടെ പ്രതികരണത്തിൽനിന്ന്.

| മഴ വന്നു | എന്നു പറഞ്ഞുകൊണ്ട് ചാർട്ടിൽ എഴുതുന്നു.

മഴ പെയ്തപ്പോൾ എന്തു ചെയ്തിരിക്കും? (പാഠപുസ്തകം പേജ് –29 ലെ ചിത്രം നിരീക്ഷിക്കട്ടെ).

കുട്ടികൾ പ്രതികരിക്കുന്നു.

ചാർട്ട് പ്രദർശിപ്പിക്കുന്നു.വായിക്കുന്നു. (മഴവില്ല് മാഞ്ഞു.........വിമല പുറത്തിറങ്ങി).

മഴ നനയാതിരിക്കാൻ വിമല എന്തു ചെയ്തിരിക്കും?

കുട്ടികൾ വിമല കുട എടുത്തു/പിടിച്ചു/തുറന്നു എന്നൊക്കെ പറഞ്ഞാലും

വിമല കുട ചൂടി എന്ന ടെക്സ്റ്റ് രൂപീകരിക്കുന്നു.

ടീച്ചറും കുട്ടികളും ചേർന്ന് വായന.

| |
|---|
| മഴ വന്നു. |
| വിമല കുട ചൂടി. |

ഇവ സ്ട്രിപ്പുകളിലായി എഴുതിയത് കൂട്ടിക്കലർത്തി വായനയ്ക്കായി നൽകാം.

ചാർട്ട് നോക്കി പൊരുത്തപ്പെടുത്തി വായിക്കട്ടെ.

പദക്കാർഡുകളുണ്ടാക്കി വായനയ്ക്ക് നൽകാം.

| മഴ | വന്നു |
|---|---|

ഓരോ പദവും വേർതിരിച്ചും പദങ്ങൾ ചേർത്തും വായന നടത്താം.

- ഓരോരുത്തരുടെയും സ്ലേറ്റിൽ കളർ ചോക്ക് കൊണ്ട് എഴുതിനോക്കാം.

ലിപിരൂപം എഴുതാൻ ശ്രമിക്കുന്ന കുട്ടികൾ ഏതൊക്കെ തലത്തിലുണ്ടാവും?

- കേവലമായി കോറി വരയ്ക്കുന്നവർ (സ്ക്രിബ്ളിങ്).
- ലിപിരൂപം അപൂർണമായി എഴുതുന്നവർ.
- ശരിയായി എഴുതുന്നവർ.

ഇവരെയെല്ലാം പരിഗണിക്കുമ്പോൾ ടീച്ചർ എന്തൊക്കെ സഹായങ്ങൾ നൽകേണ്ടി വരും?

- നോട്ട്ബുക്കിൽ കുട്ടികൾ എഴുതിയ ലിപിരൂപത്തിന് ചുവടെ ആലേഖനക്രമം പാലിച്ച് കുട്ടി കാണത്തക്കവിധം പറഞ്ഞുകൊണ്ട് ടീച്ചർ എഴുതിക്കൊടുക്കുന്നു. ടീച്ചർ വായിക്കുന്നു. കുട്ടിയും വായിക്കുന്നു.


നോട്ട് ബുക്കിലേക്ക്

എങ്കിൽ ഈ പ്രക്രിയ പാലിക്കുന്നതിന് അർഥപൂർണമായ സാഹചര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കില്ലേ?

ഉദാ: കുട്ടികൾ നോട്ട്ബുക്കിൽ, മഴ പെയ്യുന്ന ചിത്രം വരയ്ക്കട്ടെ. അതിന് താഴെ കുട്ടിയോട് മഴ വന്നു എന്ന് എഴുതാൻ നിർദേശിക്കുന്നു.

ആദ്യഘട്ടത്തിൽ വാക്യങ്ങൾ വായിക്കാൻ കഴിയാത്ത കുട്ടികളെ ഈ ഘട്ടത്തിൽ കൂടുതലായി പരിഗണിക്കേണ്ടതല്ലേ?







പത്രമാസികകളിൽ വരുന്ന ചിത്രങ്ങളും എഴുത്തും പ്രയോജനപ്പെടുത്തിക്കൂടേ?

- അക്ഷരങ്ങളും അവയുടെ ശബ്ദവും പൊരുത്തപ്പെടുത്താനും തിരിച്ചറിയാനും കുട്ടികൾക്ക് സാധിക്കണമെങ്കിൽ പദങ്ങളിൽനിന്ന് അക്ഷരങ്ങളെ വേർതിരിച്ചറിയാനും അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ രൂപീകരിക്കാനുമുള്ള അനുഭവങ്ങൾ കുട്ടിക്ക് കിട്ടേണ്ടതല്ലേ?
- പാഠപുസ്തക വായനയ്ക്ക് പ്രേരിപ്പിക്കാൻ സ്വീകരിക്കുന്ന തന്ത്രങ്ങൾ എന്തൊക്കെ?
- ഉദാ: മഴ നോക്കി നിൽക്കുന്ന വിമല പിന്നീട് എന്തു ചെയ്തിരിക്കും?

(ആമുഖചിത്രം പ്രയോജനപ്പെടുത്തി ചോദ്യങ്ങൾ ചോദിച്ചുകൊണ്ടാവാം.)

- വിമല കുട ചൂടി. പിന്നീടവൾ എന്തു ചെയ്തു? എന്ന ചോദ്യം ചോദിച്ചുകൊണ്ടാവാം.
- ടെക്സ്റ്റ്ബുക്ക് പേജ് 29 ലെ 'മഴ വന്നു.... വിമല പുറത്തിറങ്ങി, എന്നു വരെയുള്ള ഭാഗം അധ്യാപിക ഉച്ചാരണശുദ്ധിയോടെ വായിച്ചുകൊടുക്കുന്നു. ടീച്ചറും കുട്ടികളും ചേർന്നുള്ള വായന.
- വായിച്ചു കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കുന്നു.
- 'മ' വരുന്ന എത്ര പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്താം? പദങ്ങൾക്കടിയിൽ വരയിടുന്നു. വായിക്കുന്നു.

> പദക്കാർഡുകൾ മുറിച്ച് അക്ഷരക്കാർഡുകളാക്കി ഈ പ്രവർത്തനം ചെയ്യാം.
>
> മ ഴ
>
> മ ല
>
> വ ന്നു
>
> വി മ ല
>
> അക്ഷരക്കാർഡുകൾ ഉപയോഗിച്ച് പുതിയ പദങ്ങൾ രൂപീകരിക്കാം. അർഥപൂർണമായ പദങ്ങളാണ് എന്ന് ഉറപ്പാക്കണം.
>
> കുട്ടിയുടെ ആശയമേഖലയിൽ ഉള്ള പദങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്.

**പ്രവർത്തനം - 10**

**കവിതാവതരണം (ആദ്യ 4 വരി)**
(പാഠപുസ്തകം, പേജ് - 29)

- ടീച്ചർ കവിതയുടെ ആദ്യത്തെ നാലുവരിമാത്രം ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.
- കവിത കുട്ടിയുടേതാക്കി മാറ്റാൻ എന്തൊക്കെ ചെയ്യാൻ കഴിയും?
  - ടീച്ചർ ഈണത്തോടെയും താളത്തോടെയും പാടിക്കൊടുക്കൽ.
  - ടീച്ചറും കുട്ടികളും ചേർന്നു പാടൽ.
  - ആംഗ്യത്തോടെ പാടൽ (പുള്ളിക്കുട ചൂടി).
  - ഗ്രൂപ്പുകൾ ഓരോ വരി മാത്രം പാടി കവിത പൂർത്തിയാക്കൽ (ചങ്ങലപ്പാട്ട്).
- കവിതയിലെ ആശയങ്ങൾ ഗ്രഹിക്കുന്നതിലൂടെയല്ലേ ആസ്വാദനം ഫലപ്രദമാവുന്നത്? എങ്കിൽ എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കേണ്ടിവരും?
  - എങ്ങനെയുള്ള മഴയാണ്?
- കവിതയിൽ 'മഴ ' എവിടെയൊക്കെ? കണ്ടെത്തി അടിയിൽ വരയ്ക്കട്ടെ.
  'വന്നു' എന്നതോ?
- പുള്ളിക്കുട വരയ്ക്കാം.
- കുടയുടെ സ്റ്റെൻസിൽ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ. (നോട്ട്ബുക്കിൽ)
- കുടയിൽ പുള്ളികൾ വരച്ച് പുള്ളിക്കുടയാക്കൽ (പുള്ളിക്കുട എന്ന് താഴെ എഴുതിക്കൂടേ?)
- പദങ്ങൾ ആവർത്തിക്കുമ്പോൾ കവിതയുടെ താളത്തിൽ വരുന്ന മാറ്റം കുട്ടിയെ എങ്ങനെ ബോധ്യപ്പെടുത്താം?

> കുടയുടെ രണ്ട് ചിത്രങ്ങൾ വരയ്ക്കണം രണ്ടാമത്തെ ചിത്രത്തിൽ പുള്ളികൾ വരച്ചാൽ മതി.
>
> 



**താളത്തിൽ പാടാം** **പ്രവർത്തനം - 11**

കുട്ടികളെ രണ്ട് ഗ്രൂപ്പുകളാക്കുന്നു.

ഗ്രൂപ്പ് - 1 - മഴ വന്നു എന്നു പാടുമ്പോൾ

ഗ്രൂപ്പ് - 2 - കുട ചൂടി എന്നു പാടണം.

| ഗ്രൂപ്പ് -1 | ഗ്രൂപ്പ് - 2 |
|---|---|
| മഴ മഴ വന്നു | കുട കുട ചൂടി |
| മഴ മഴ മഴ വന്നു | കുട കുട കുട ചൂടി |
| മഴ മഴ മഴ മഴ വന്നു | കുട കുട കുട കുട ചൂടി |
| മഴ മഴ മഴ മഴ മഴ വന്നു | കുട കുട കുട കുട കൂട ചൂടി |

പാട്ടിന്റെ അവസാന വരി കുട്ടികൾ പാടുമ്പോൾ ടീച്ചർ ചാർട്ടിൽ എഴുതുന്നു.

> മഴ മഴ മഴ മഴ മഴ മഴ വന്നു.
> കുട കുട കുട കുട കുട കുട ചൂടി.


നോട്ട് ബുക്കിലേക്ക്

ചാർട്ട്നോക്കി നോട്ട്പുസ്തകത്തിൽ കുട്ടികൾ എഴുതുന്നു. വായിക്കുന്നു.

എന്തെല്ലാം ഫീഡ്ബാക്കാണ് ഞാൻ നൽകേണ്ടത്?

**കവിതാവതരണം (അവസാനത്തെ 4 വരി)** **പ്രവർത്തനം - 12**
(പാഠപുസ്തകം, പേജ് - 29)

- വിമല മഴയത്തൂടെ നടന്നപ്പോൾ എന്തൊക്കെ കാഴ്ചകൾ കണ്ടു?

സ്വതന്ത്രപ്രതികരണം - തുടർന്ന് യൂണിറ്റിന്റെ തുടക്കത്തിലുള്ള ചിത്രത്തിൽ നോക്കി കുട്ടികൾക്ക് പറയാനവസരം.

- ടീച്ചർ കവിതയുടെ അവസാനത്തെ നാലുവരി എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

കവിത അവതരണത്തിന്റെ പ്രക്രിയ ആവർത്തിക്കുന്നു. പാഠപുസ്തകത്തിലെ പേജ് 29-ലെ കവിത നോക്കി വായിക്കാനവസരം.

- മഴക്കൈയടി ഒന്നുകൂടി അവതരിപ്പിച്ച് മഴമേളം ക്ലാസിൽ ഉണ്ടാക്കിക്കൂടേ?

**മഴയ്ക്കു മുമ്പും ശേഷവും** **പ്രവർത്തനം - 13**

*മഴക്കാലത്ത് ചുറ്റുപാടും മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന ആശയരൂപീകരണത്തിനാണ് ഈ പ്രവർത്തനം.*

- മഴ പെയ്യുമ്പോൾ ചുറ്റുപാടും എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി? ആർജിത അറിവിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ പ്രതികരിക്കുന്നു.
- മഴ പെയ്യുമ്പോൾ ചുറ്റുപാടുമുള്ള മാറ്റങ്ങൾ നിരീക്ഷിച്ച് പറയാൻ എന്തൊക്കെ സാധ്യതകൾ ഒരുക്കാം?
- നേരനുഭവത്തിനുള്ള അവസരം.
- മഴയുമായി ബന്ധപ്പെട്ട ദൃശ്യങ്ങൾ അടങ്ങിയ സി.ഡികൾ നിരീക്ഷിച്ച്.

> കാഴ്ച, കേൾവി, ഗന്ധം, സ്പർശം എന്നിവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ നിരീക്ഷണത്തിൽ വന്നിട്ടുണ്ടോ?

> ഡിസ്പ്ലേ ബോർഡിൽ മഴക്കാലത്തെ മാറ്റങ്ങൾ ദൃശ്യവൽക്കരിക്കാനുള്ള സാധ്യത ഉപയോഗിപ്പെടുത്തിക്കൂടേ?

- ഡിസ്പ്ലേബോർഡ്/സാന്റ്ട്രേ ഉപയോഗിച്ച്-
- മഴ തോർന്നാൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകും?
- മഴയ്ക്കുശേഷം കുട്ടികൾ പരിസരം നിരീക്ഷിച്ച് കണ്ടെത്തിയവ പങ്കുവയ്ക്കട്ടെ.

മഴക്കാലത്ത് കാറ്റടിക്കുമ്പോൾ മരങ്ങൾ ഉലയുന്നത് അഭിനയിക്കാമോ?

- ഡിസ്പ്ലേ ബോർഡിൽ/സാന്റ്ട്രേയിൽ എന്തൊക്കെ മാറ്റങ്ങൾ? കുട്ടികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടീച്ചറും കുട്ടികളും ചേർന്ന് മാറ്റങ്ങൾ വരുത്തുന്നു.

**മഴ തോർന്നു**

**പ്രവർത്തനം - 14**

(പാഠപുസ്തകം, പേജ് 30)

ആഖ്യാനം അവതരിപ്പിക്കുന്നു.
ഇന്ന് ഞായറാഴ്ചയാണ്. തെളിഞ്ഞ മാനം. വിമല പുറത്തിറങ്ങി.

- എങ്ങോട്ടായിരിക്കും അവൾ പോയിട്ടുണ്ടാവുക?
- പാഠപുസ്തകം പേജ് 30 'മഴ തോർന്നു.വിമല നടന്നു.... നമുക്ക് മലയിൽ പോകാം? എന്നുവരെയുള്ള ഭാഗം ചാർട്ടിൽ എഴുതി അവതരിപ്പിക്കുന്നു.

മഴ തോർന്നപ്പോൾ വിമല എന്തു ചെയ്തു? കുട്ടികളുടെ പ്രതികരണം.

മഴ തോർന്നു.
വിമല നടന്നു. പറഞ്ഞുകൊണ്ട് എഴുതുന്നു.

- എവിടെ പോകാമെന്നാണ് കമല പറഞ്ഞത്?

മലയിൽ പോകാം.
മലയിൽ എന്താണുള്ളത്?
മല നിറയെ മരങ്ങൾ

മലയിൽ പോകാം.
മല നിറയെ മരങ്ങൾ.
കമല പറഞ്ഞു.

എന്നു പറഞ്ഞുകൊണ്ട് ടീച്ചർ എഴുതുന്നു. വായിക്കുന്നു.

- കുട്ടികൾ നോട്ട്ബുക്കിൽ മലയുടെ ചിത്രം വരച്ച് മല എന്നെഴുതട്ടെ - അടുത്ത ചിത്രത്തിൽ മലയും അതിൽ നിറയെ മരങ്ങളും വരച്ച് (മല നിറയെ മരം) എന്നെഴുതട്ടെ.

മരങ്ങളുടെ ചിത്രങ്ങൾ നിർമിക്കാനുള്ള വിവിധ സാധ്യതകൾ എന്തൊക്കെ?




- കൊളാഷ് ഒട്ടിച്ച്
- പച്ചക്കറി പ്രിന്റിങ്
- സ്റ്റാംപിറ്റ് ചിത്രങ്ങൾ
- ഊതൽ ചിത്രങ്ങൾ (Blow painting)

- അവൾ മലയിൽ പോയിട്ടുണ്ടാവുമോ? (കുട്ടികളുടെ പ്രതികരണം).
  - ടി.ബി. വായന (അതു വേണ്ട... വിമല പറഞ്ഞു).

വിമല എന്താണു പറഞ്ഞത്? (കുട്ടികളുടെ പ്രതികരണം).

പുഴക്കരയിൽ പോകാം.
വിമല പറഞ്ഞു. പറഞ്ഞുകൊണ്ട് എഴുതുന്നു.

**പറയാം, എഴുതാം**

**പ്രവർത്തനം - 15**

- മലയിൽ പോകാതെ കമലയും വിമലയും എവിടേക്കാണ് പോയത്?
  **പുഴക്കരയിൽ** എന്ന കുട്ടികളുടെ പ്രതികരണത്തെ ടീച്ചർ പറഞ്ഞുകൊണ്ട് എഴുതുന്നു, വായിക്കുന്നു.
  പു ഴ ക്ക ര എന്ന് അക്ഷരക്കാർഡുകൾ മുറിച്ചു നൽകുന്നു. ഇതുപയോഗിച്ച് നിർമിക്കാവുന്ന പദങ്ങൾ ഏതൊക്കെ?
  പുഴക്കര
  പുഴ
  പുര
  എന്നിട്ടോ?
  'അവർ പുഴ.... ചാറ്റൽ മഴ'. (പാഠപുസ്തകം, പേജ് 31) വരെയുള്ള പാഠഭാഗം അവതരിപ്പിക്കുന്നു.
  അവർ പുഴക്കരയിലേക്ക് നടന്നപ്പോൾ എന്തു സംഭവിച്ചു? പ്രതികരണം ഉറപ്പാക്കുന്നു.

  | മഴ വന്നു.<br>ചാറ്റൽ മഴ. | എങ്ങനെയുള്ള മഴ? |
  |---|---|

  പിന്നെയെന്തു പറ്റി?
  'കുടയില്ല.....ഇല മുറിക്കാം'. (പാഠപുസ്തകം, പേജ് 31) - അവതരണം.
  ഇല മുറിച്ചശേഷം അവർ എന്തു ചെയ്തിരിക്കും?
- സ്വതന്ത്ര പ്രതികരണം.

**ഗ്രാഫിക് വായന, എഴുത്ത്**

**പ്രവർത്തനം - 16**

കമല പറഞ്ഞതെന്താണ്? എന്ന ചോദ്യത്തിന്റെ പ്രതികരണമായി വന്ന വാക്യങ്ങൾ - ഗ്രാഫിക് വായനയ്ക്കായി ഉപയോഗിക്കാം.

വാഴയില ചൂടാം.
തല നനയാതെ പോകാം.

അവർ ചെയ്തതോ?

അവർ വാഴയില ചൂടി.
തല നനയാതെ പോയി.

| | | |
|---|---|---|
| ചൂടാം | - | ചൂടി |
| പോകാം | - | പോയി |
| നടക്കാം | - | നടന്നു |
| എഴുതാം | - | എഴുതി |
| വരയ്ക്കാം | - | വരച്ചു |

**മാറ്റിപ്പറയാം**
ടീച്ചർ : കുട എടുക്കാം.
കുട്ടി : കുട എടുത്തു.
ടീച്ചർ : കുട തുറക്കാം.
കുട്ടി : കുട തുറന്നു.
ടീച്ചർ : കുട ചൂടാം.
കുട്ടി : കുട ചൂടി.
ഇത്തരം വാക്കുകൾ ചേർന്നുവരുന്ന വാക്യങ്ങൾ ടീച്ചറും കുട്ടികളും ചേർന്ന് പറയുന്നു. ഇതുപോലെ മറ്റു വാക്കുകൾ ഉപയോഗിച്ച് പറയാനവസരം നൽകണം.

**ആവശ്യകതാബോധമുള്ള വായന**

ഓരോ തവണയും പാഠം വായിക്കുന്നതിന് കുട്ടിയെ പ്രേരിപ്പിക്കേണ്ടത് എങ്ങനെയെല്ലാം?

- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ.
- നിശ്ചിത പദങ്ങൾ കണ്ടെത്താൻ.
- ചില സവിശേഷപ്രയോഗങ്ങൾ വരുന്ന ഭാഗങ്ങൾ കണ്ടെത്താൻ.
- ആഖ്യാനത്തിന്റെ തുടർഭാഗങ്ങളെക്കുറിച്ചുള്ള പ്രവചനം ശരിയോ എന്ന് കണ്ടെത്താൻ.
- കഥാപാത്രങ്ങൾ, അവർ ചെയ്ത കാര്യങ്ങൾ എന്നിവ കണ്ടെത്താൻ.



## സംഭാഷണം അവതരിപ്പിക്കൽ

**പ്രവർത്തനം - 18**

- കമലയും വിമലയും തമ്മിലുള്ള സംഭാഷണം രണ്ടുപേരുടെ ഗ്രൂപ്പിൽ കണ്ടെത്തി അവതരിപ്പിക്കൂ.
- എല്ലാ സംഭാഷണങ്ങളും അവതരിപ്പിക്കാൻ കഴിഞ്ഞോ?
- പാഠപുസ്തകത്തിലെ അതേ വാക്കുകൾ തന്നെയാണോ അവതരിപ്പിച്ചത്?




## മഴ എവിടെയൊക്കെ?

**പ്രവർത്തനം - 19**

- ചാർട്ടിൽ മല, കുട, പുഴ എന്നീ ചിത്രങ്ങൾ വരയ്ക്കുന്നു.
- കുട്ടിയിൽ ആകാംക്ഷ ജനിപ്പിക്കുന്ന ചോദ്യങ്ങളിലൂടെ ലളിതമായ വരകൾകൊണ്ട് ചിത്രം പൂർത്തിയാക്കുന്നു.

  ഉദാ: ഞാനൊരു ചിത്രം വരയ്ക്കാൻ പോകുന്നു.
  എന്തിന്റെ ചിത്രമാണെന്ന് പറയാമോ?






- കുട്ടികൾ നോട്ട്ബുക്കിൽ ചിത്രം വരയ്ക്കുന്നു. ചിത്രത്തിന്റെ പേര് കുട്ടികൾ എഴുതുന്നു.
- ടീച്ചറും കുട്ടികളും ചിത്രത്തിൽ മഴ വരച്ചു ചേർക്കുന്നു.



എവിടെയാണ് മഴ പെയ്യുന്നത്?

മലയിൽ മഴ
കുടയിൽ മഴ
പുഴയിൽ മഴ

## മഴ എവിടെയൊക്കെ? (പാഠപുസ്തകം, പേജ് - 32)

**പ്രവർത്തനം - 20**

- ടീച്ചറും കുട്ടികളും വായിക്കുന്നു.
- **'മഴ വരയ്ക്കാം, എഴുതാം'**

പ്രവർത്തനം പൂർത്തിയാക്കുന്നു.

- **വരികൾ ചേർത്ത് കവിത എഴുതാം.**

  മഴ മഴ മഴ മഴ മഴ മഴ പെയ്തു
  മലയുടെ മീതെ മഴ പെയ്തു.




തുടർന്നുള്ള വരികൾ പാഠപുസ്തകത്തിലെ (പേജ് 32) ചിത്രം നോക്കി കുട്ടികൾ പാടുന്നു.

ടെക്സ്റ്റ് ബുക്കിൽ തന്നിട്ടുള്ള ഓരോ വരിയുടെയും തൊട്ടുമുകളിൽ 'മഴ മഴ മഴ മഴ മഴ പെയ്തു' എന്നു കുട്ടികൾ എഴുതിച്ചേർക്കുന്നു.

ഇല, ചെടി............. തുടങ്ങിയവ വരച്ച് അതിൽ മഴ പെയ്യുന്ന ചിത്രം ടീച്ചർ ബോർഡിൽ വരയ്ക്കുന്നു. ഇതുപയോഗിച്ച് പാട്ടിന്റെ വരികൾ സംഘമായി പാടുന്നു.

## പേര് എഴുതാം (പാഠപുസ്തകം, പേജ് - 33)

**പ്രവർത്തനം - 21**

ഈ പ്രവർത്തനം ചെയ്യുമ്പോൾ എന്തെല്ലാം വിലയിരുത്തണം?

- ഓർമയിൽനിന്ന് അക്ഷരം തിരിച്ചറിഞ്ഞ് എഴുതുന്നവർ ആരൊക്കെ?

- കൂടുതൽ അക്ഷരത്തെളിവുകൾ കിട്ടുന്നവിധം ചാർട്ടുകൾ ക്ലാസിൽ രൂപപ്പെട്ടിട്ടുണ്ടോ? പുനരുപയോഗ സാധ്യത എത്രത്തോളം?




ഗ്രാഫ് നോക്കി മാത്രം എഴുതുന്നവർക്ക് എന്തു പ്രവർത്തനമാണ് ടീച്ചർ നൽകുക?

**പ്രവർത്തനം - 22**

**വായിക്കാം** (പാഠപുസ്തകം, പേജ് - 33)

മഴ - വഴി - ഈ രണ്ടു പദങ്ങളും തമ്മിൽ എന്തൊക്കെ സാമ്യങ്ങൾ? എന്തൊക്കെ വ്യത്യാസങ്ങൾ?
'ി' ചിഹ്നം തിരിച്ചറിയാൻ ആർജിതപദങ്ങൾ /പരിചിതപദങ്ങൾ ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാവാം?

| | | |
|---|---|---|
| വട - വടി | വര - വരി | തിര - തിരി |
| പന - പനി | കറ - കറി | തട - തടി |
| പട - പടി | കര - കരി | മട - മടി |

- ശബ്ദവ്യത്യാസത്തിനനുസരിച്ച് ലിപിയിൽ വരുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ ഈ പ്രവർത്തനം സഹായിക്കില്ലേ?
- 'ഇ' എന്ന സ്വരാക്ഷരത്തിന്റെ ചിഹ്നമാണ് ' ി ' എന്ന് കുട്ടി തിരിച്ചറിയേണ്ടതല്ലേ?




| |
|---|
| ി |
| ഇ |




- 'മഴ തോർന്നു' എന്ന പാഠഭാഗത്ത് നിന്ന് ' ി' ചിഹ്നം ചേർന്നു വരുന്ന പദങ്ങൾ കണ്ടെത്താനുള്ള നിർദേശങ്ങൾ നൽകാം.

**പ്രവർത്തനം - 23**

**പാടി രസിക്കാം** (പാഠപുസ്തകം, പേജ് - 33)

*കവിത ഈണം, താളം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നതിന്.*

ഈ കവിത എങ്ങനെ അവതരിപ്പിക്കും?



- കവിതാഭാഗം ചാർട്ട്/ബ്ലാക്ക്ബോർഡിൽ എഴുതി അവതരിപ്പിക്കുന്നു.
- മണൽത്തടത്തിൽ കവിതയിലെ ദൃശ്യങ്ങൾ ഒരുക്കി പാട്ടുപാടി രസിക്കൽ.

പേജ് 34 ലെ കടലാസ്തോണി നിർമിക്കാനുള്ള പ്രവർത്തനം ഇവിടെ ഉപയോഗപ്പെടുത്താം. തുടർന്ന് കളിവള്ളം ഒഴുക്കാനുള്ള അവസരം നൽകേണ്ടതല്ലേ?

**പ്രവർത്തനം - 24**

**കഥ പറയാം** (പാഠപുസ്തകം, പേജ് - 34)

- ചിത്രകഥകൾ വായിച്ചാസ്വദിക്കാനും ചിത്രം നോക്കി ഭാവനാപൂർവം കഥ രൂപീകരിച്ച് പറയാനും ഉദ്ദേശിച്ചുള്ളതാണ് ഈ പ്രവർത്തനം.

ചിത്രങ്ങളിൽ നിന്ന് കഥ കണ്ടെത്തി പറയാൻ കുട്ടികൾക്ക് കഴിയില്ലേ? കഥാചിത്രങ്ങളുടെ ക്രമം മനസ്സിലാക്കാൻ എന്താണ് ചെയ്യുക? (ചിത്രങ്ങളുടെ നമ്പർ). ഓരോ ഫ്രെയിമിലെയും ചിത്രങ്ങളിലെ വ്യത്യാസങ്ങൾ (കഥാപാത്രങ്ങൾ, പശ്ചാത്തലം, സംഭവങ്ങൾ) തിരിച്ചറിയുന്നതിന് ചിത്രങ്ങൾ താരതമ്യം ചെയ്യേണ്ടിവരും. ഇതിനായി എന്തൊക്കെ ഇടപെടലുകൾ ടീച്ചർ നടത്തേണ്ടിവരും?


1


2



3

ഗ്രൂപ്പിലെ കണ്ടെത്തൽ പങ്കുവച്ച് കഥ രൂപീകരിക്കുന്നു - അവതരിപ്പിക്കുന്നു.

- നിങ്ങൾ പറഞ്ഞ കഥ തന്നെയാണോ പാഠപുസ്തകത്തിലുള്ളത്?



4

ടീച്ചർ ഭാവത്തോടെ കഥ വായിച്ചവതരിപ്പിക്കുന്നു.

- കമലയും വിമലയും പുഴക്കരയിൽ എത്തി “മണിയനുറുമ്പേ, എങ്ങോട്ടാ?” എന്ന് ചോദിച്ചത് ആരാണ്? ചിത്രം നോക്കി കുട്ടികൾ കുരുവിയാണെന്ന് കണ്ടെത്തി പറയുന്നു. ചിത്രമില്ലെങ്കിൽ കുരുവി എന്ന കഥാപാത്രത്തെ അറിയാനാവുമോ?



**ആദ്യത്തെ നാലു ചിത്രങ്ങൾ മാത്രം ഉപയോഗിച്ച് കഥ രൂപീകരിക്കാൻ നിർദേശിച്ചാൽ കഥ വ്യത്യസ്തമാവില്ലേ?**

**കഥയിലെ സംഭവങ്ങൾ വൈവിധ്യമാർന്ന രീതിയിൽ ഭാവനാപൂർവം ചിന്തിക്കാൻ എന്തൊക്കെ സാധ്യതകളുണ്ട്?**

എങ്കിൽ ചിത്രമില്ലാതെ ഈ കഥ പറയുമ്പോൾ എന്തൊക്കെ ചേർത്ത് കഥ വികസിപ്പിക്കണം?

- ► ഓരോ ചിത്രത്തെയും സൂക്ഷ്മമായി വായിച്ച്.
- ► ചിത്രത്തിലെ ആശയങ്ങൾ ക്രമമായി പറഞ്ഞ്.
- ► പശ്ചാത്തലം/കഥ നടക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള സൂചനകൾ ഉൾപ്പെടുത്തിക്കൊണ്ട്.
- ► ഒരു ചിത്രത്തിൽനിന്ന് അടുത്ത ചിത്രത്തിലേക്കുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള വാക്യങ്ങൾ ചേർത്ത്.



ഗ്രൂപ്പിൽ കഥ വികസിപ്പിച്ച് പറയുന്നു. അധ്യാപിക കഥ അവതരിപ്പിക്കുന്നു. കഥയുടെ മാതൃക മാറ്റുക.

**പ്രവർത്തനം - 25**

## സഹായിച്ചത് എങ്ങനെ? പറയൂ

(പാഠപുസ്തകം, പേജ് - 35)

- അക്കരെയെത്താൻ മണിയനെ ഏതെല്ലാം രീതിയിൽ കുരുവിക്ക് സഹായിക്കാം?
- കാൽതെറ്റി വീഴാൻ ഇടയുള്ള സാഹചര്യങ്ങൾ എങ്ങനെയൊക്കെയാവാം?
  - ► പാറയിൽനിന്ന് വഴുതി വീണു.
  - ► കാറ്റ് വീശിയപ്പോൾ കുരുവി കൊത്തിയിട്ടു കൊടുത്ത ഇല മറിഞ്ഞു വീണു.
  - ► കുരുവിയുടെ പുറത്തുകയറി പോകുമ്പോൾ കാൽതെറ്റി വീണു.
  - ►

ഓരോ കഥാചിത്രത്തെയും അധികരിച്ച് രൂപീകരിച്ച വാക്യങ്ങൾ ക്രമപ്പെടുത്തി ചാർട്ടിൽ എഴുതുന്നു. എല്ലാ ചിത്രങ്ങളുടെയും വിശദാംശങ്ങൾ എഴുതുമ്പോൾ കഥ പൂർണമാകില്ലേ?

- കുട്ടികൾ പറഞ്ഞ സംഭവങ്ങൾ, വിവരങ്ങൾ ചേർത്താണല്ലോ കഥ പൂർത്തീകരിച്ചത്. എങ്കിൽ ആത്മവിശ്വാസത്തോടെ കഥ പറയാൻ ഈ പ്രക്രിയയിലൂടെ കടന്നുപോയ കുട്ടിക്ക് കഴിയില്ലേ?
- മണിയനെ അമ്മയുടെ അടുത്തെത്തിക്കാനുള്ള വഴി കണ്ടെത്തൽ പ്രവർത്തനം ഈ ഘട്ടത്തിൽത്തന്നെ ചെയ്യാവുന്നതാണ്.

  അമ്മയെ കണ്ട മണിയൻ എന്തൊക്കെ പറഞ്ഞിട്ടുണ്ടാവും? (പാഠപുസ്തകം, പേജ് 38)

- കഥ വീണ്ടും ഓർത്തെടുത്ത് പറയാനുള്ള അവസരമാണ് കുട്ടിക്ക് ഇവിടെ ലഭിക്കേണ്ടത്.
- ഈ കഥയ്ക്കൊരു പേരിടാൻ നിർദേശിച്ചാലോ?
- റ്റ, ക്ക എന്നീ കൂട്ടക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നൽകാം?

**പ്രവർത്തനം - 26**

**കടലാസുതോണി ഉണ്ടാക്കാം**
(പാഠപുസ്തകം, പേജ് 34, 35)

**പ്രവർത്തനം - 27**

**പദങ്ങൾ വായിക്കാം, എഴുതാം**

- ഴ, ള വരുന്ന പദങ്ങൾ പാഠത്തിൽനിന്നു കണ്ടെത്തി അവതരിപ്പിക്കൂ.

'ഈ' എന്ന സ്വരാക്ഷരവും 'ീ ' എന്ന ചിഹ്നവും പരിചയപ്പെടുത്തുന്നതിന് നേരത്തേ ചെയ്ത രീതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാവാം?

ഴ

ള

തിര - തീരം

ചിരവ - ചീര

വിട് - വീട്

| | |
|---|---|
| ീ | |
| ഈ | |




# 'ി' 'ീ'

എന്നീ ചിഹ്നങ്ങൾ ഒരുമിച്ചുവരുന്ന പദങ്ങൾ നോക്കൂ.




ജീവി  പീപ്പി  കീരി

ചിഹ്നം ചേർക്കാം:

ജ വ  പ പ്പ  ക ര

**പ്രവർത്തനം - 28**

**മണിയനെ അമ്മയുടെ അടുത്തെത്തിക്കാമോ?**
(പാഠപുസ്തകം, പേജ് 37)

കുട്ടികൾ വഴി കണ്ടെത്തട്ടെ.

**പ്രവർത്തനം - 29**

**ചുറ്റും വട്ടം വരയ്ക്കൂ** (പാഠപുസ്തകം, പേജ് 38)

*കരയിലെപ്പോലെ ജലത്തിലും ജീവികളുണ്ടെന്ന ആശയരൂപീകരണത്തിനുള്ളതാണ് ഈ പ്രവർത്തനം. അതുപോലെ തരംതിരിക്കൽ എന്ന പ്രക്രിയാശേഷി വികസനവും ലക്ഷ്യമിടുന്നു.*

- പാഠപുസ്തകം പേജ് 36-ലെ തവള എന്താണ് പറയുന്നത്? തവളയെപ്പോലെ വെള്ളത്തിൽ ജീവിക്കാൻ ഉറുമ്പിന് കഴിയുമോ? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള പ്രതികരണം പ്രയോജനപ്പെടുത്തി പ്രവർത്തനത്തിലേക്ക് പോകണം.
- ചിത്രത്തിൽ (പേജ് 38) ഏതൊക്കെ ജീവികളുണ്ട്?
- വെള്ളത്തിൽ ജീവിക്കുന്നവയാണോ കരയിൽ ജീവിക്കുന്നവയാണോ കൂടുതൽ?
- ഇവയിൽ വെള്ളത്തിൽ ജീവിക്കാൻ കഴിയുന്ന ജീവികൾ ഏതൊക്കെ? വട്ടം വരയ്ക്കൂ.

- കരയിലും വെള്ളത്തിലും കഴിയാൻ ചിത്രത്തിൽ ഏതൊക്കെ ജീവികൾക്കാവും? നേരത്തേ വരച്ച വട്ടത്തിനുള്ളിൽ മഞ്ഞ നിറം നൽകൂ.
- താറാവ്, ഞണ്ട്, മുതല, ആമ, തവള എന്നിവയ്ക്ക് മഞ്ഞനിറം നൽകാത്തവർ ആരൊക്കെ?
- വേണ്ടത്ര അറിവ് /അനുഭവങ്ങൾ ലഭിക്കാത്തവർ ഉണ്ടായിരിക്കില്ലേ?

  അങ്ങനെയുള്ളവർക്കായി എന്തൊക്കെ സാധ്യതകൾ പ്രയോജനപ്പെടുത്താം?



  - റിസോഴ്സ് സി.ഡികൾ പ്രദർശിപ്പിക്കൽ
  - ചിത്രങ്ങൾ/പുസ്തകങ്ങൾ
  - ജലജീവികളുമായി ബന്ധപ്പെട്ട കഥകൾ കേൾക്കാനാവസരം നൽകുക.
  - നേരനുഭവങ്ങൾ നൽകൽ (മൃഗശാല സന്ദർശനം....)







ആശയരൂപീകരണം നടന്നിട്ടുണ്ടോ എന്ന വിലയിരുത്തലിനായി മറ്റെന്തൊക്കെ പ്രവർത്തനങ്ങൾ?

- മണൽത്തടത്തിൽ ജീവികളുടെ ചിത്രങ്ങൾ, മാതൃകകൾ ക്രമീകരിക്കൽ.
- ഡിസ്പ്ലേബോർഡിൽ വെള്ളത്തിലും കരയിലുമായി ചിത്രങ്ങൾ ക്രമീകരിക്കൽ.

**പാഠം** (പാഠപുസ്തകം, പേജ് 39) **പ്രവർത്തനം - 30**

*ഈണത്തോടെ പാട്ടുപാടാനും ജലസ്രോതസ്സുകൾ മഴക്കാലത്ത് നിറയുന്നു എന്ന ആശയരൂപീകരണവും ഈ പ്രവർത്തനം ലക്ഷ്യമിടുന്നു.*



മഴയ്ക്കുശേഷം ചുറ്റുപാടുമുണ്ടായ മാറ്റങ്ങൾ എന്ന ആശയം നേരത്തേ രൂപീകരിച്ചിട്ടുണ്ട്. അത് സ്പൈറൽ ചെയ്യാനുള്ള അവസരമാണിത്. ജലസ്രോതസ്സുകൾ മഴക്കാലത്ത് നിറയുന്നു എന്ന ആശയരൂപീകരണം ഇതിന്റെ ഭാഗമായി നടക്കണം.

- നിങ്ങളുടെ വീട്ടിലേക്കാവശ്യമായ വെള്ളം എവിടെനിന്നാണ് കിട്ടുന്നത്?
- കൃഷി ചെയ്യുന്നതിനോ?
- വെള്ളം നിറഞ്ഞു നിൽക്കുന്ന മറ്റു സ്ഥലങ്ങൾ ഏതൊക്കെയാണ്?
- പാഠപുസ്തകം പേജ് 39 ലെ ചിത്രം നിരീക്ഷിച്ച് കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കുന്നു.

നിരീക്ഷണം ഫലപ്രദമാക്കാനുള്ള വൈവിധ്യമാർന്ന ചോദ്യങ്ങൾ ചോദിക്കണം. തുറന്ന ചോദ്യങ്ങൾക്ക് അവസരങ്ങൾ നൽകണം.
ഉചിതമായ ചോദ്യങ്ങളിലൂടെ ജലസ്രോതസ്സുകൾ ഏതൊക്കെയെന്ന് ചർച്ചയിൽ കൊണ്ടുവരണം.

മഴപെയ്തപ്പോൾ എവിടെയൊക്കെ, എന്തെല്ലാം മാറ്റങ്ങളാണുണ്ടായത് എന്ന് നോക്കാം.

- കവിത അവതരിപ്പിക്കുന്നു.
- വെള്ളം എവിടെയെല്ലാം നിറഞ്ഞു? പ്രതികരണം

  ടീച്ചർ ചാർട്ട് രൂപീകരിക്കുന്നു.

  നോട്ട്ബുക്കിലേക്ക്.

> കുട്ടികൾ സ്വായം ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിൽ ടീച്ചറുടെ ഇടപെടൽ എങ്ങനെയാണവം?

'പുഴയും കരയും' -'കര' എന്ന് കുട്ടി പറയാൻ സാധ്യത ഇല്ലേ?



**പറയാം, എഴുതാം** (പാഠപുസ്തകം, പേജ് 39)

**പ്രവർത്തനം - 31**

പ്രവർത്തനം പൂർത്തിയാക്കുന്നു.



കൂടുതൽ ഉദാഹരണങ്ങൾ നോട്ട്ബുക്കിൽ എഴുതിക്കാമല്ലോ.

രണ്ടു പദങ്ങൾ ചേർത്തുപറയുമ്പോൾ 'ഉം' ചേർത്തു പറയുന്നതിന്റെ കൂടുതൽ അനുഭവങ്ങൾ ഇവിടെ നൽകാം.

കമല - വിമല - കമലയും വിമലയും

മീൻ - ആമ - മീനും ആമയും

ഇടി - മിന്നൽ

കാറ്റ് - മഴ




**ചെയ്തു നോക്കാം** (പാഠപുസ്തകം, പേജ് 40)

**പ്രവർത്തനം - 32**

മഴവെള്ളം മണ്ണിൽ താഴുന്നു എന്ന ആശയരൂപീകരണത്തിനുള്ള പ്രവർത്തനമാണിത്. (ലഘുപരീക്ഷണം)

- പാഠം അവതരിപ്പിക്കുന്നു. (കമലയും വിമലയും... വറ്റിപ്പോയതാണോ?)

  വെള്ളം വറ്റിപ്പോയതാണോ?

  ഊഹം പറയാനവസരം നൽകുന്നു.
- ഗ്രൂപ്പിൽ തങ്ങളുടെ ഊഹം ശരിയോ എന്ന് പരീക്ഷിച്ചു നോക്കട്ടെ. കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. ബക്കറ്റിന് പകരം മറ്റെന്തൊക്കെ സാധനങ്ങൾ ഉപയോഗിക്കാം? വെള്ളം നേരിട്ട് ഒഴിക്കുന്നതിനു പകരം മഴവീഴ്ത്തി ഉപയോഗിച്ചാലോ?
- തൽസമയം ഗ്രൂപ്പിൽ ഇടപെട്ട് എന്തൊക്കെ മടക്കധാരണ (Feed back) നൽകേണ്ടിവരും?
- പരീക്ഷണത്തിന് ശേഷം കുട്ടിക്ക് താൻ ചെയ്ത കാര്യങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ കഴിയുന്നുണ്ടോ?

വ്യത്യസ്തമായ ആശയവിനിമയരീതിക്കുള്ള അവസരം കൊടുക്കേണ്ടതല്ലേ?

**വിലയിരുത്തലും ഫീഡ്ബാക്കും**



- പങ്കാളിത്തം
- സാമഗ്രികൾ കണ്ടെത്തൽ
- പരീക്ഷണരീതി
- കണ്ടെത്തലുകൾ പങ്കുവയ്ക്കൽ




മുറ്റത്തെ മുഴുവൻ വെള്ളവും മണ്ണിൽ താഴ്ന്നിട്ടുണ്ടാകുമോ?

ആർജിതാനുഭവങ്ങളിലൂടെ/നേരിട്ടുള്ള നിരീക്ഷണത്തിലൂടെ

കുറച്ചുവെള്ളം ഒഴുകിപ്പോകുന്നുണ്ട് എന്ന് ആശയം കൂടി രൂപീകരിക്കാനാവില്ലേ?

**പാടാം** (പാഠപുസ്തകം, പേജ് 40)

**പ്രവർത്തനം - 33**

കവിത ചൊല്ലി രസിക്കുന്നതിലൂടെ ആശയം ഒന്നുകൂടി പ്രബലമാക്കുകയും ചെയ്യാം.

- ഈ പാട്ട് - മറ്റെന്തെല്ലാം ശേഷീ വികാസത്തിനായി ഉപയോഗിക്കാം?

**പറയൂ** (പാഠപുസ്തകം, പേജ് 41) **പ്രവർത്തനം - 34**

- ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ മനസ്സിലാക്കാനും ജലം കരുതിവച്ച് സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനുമാണ് ഈ പ്രവർത്തനം.

വെള്ളം എന്തിനൊക്കെ ഉപയോഗിക്കുന്നു?- ചർച്ച

വെള്ളത്തിന്റെ ഒരു ഉപയോഗം എഴുതിയ /വരച്ച കടലാസ് ഒരു കവറിലിട്ട് ടീച്ചർ ഉയർത്തി ക്കാണിക്കുന്നു.

ഇതിൽ എഴുതിയത് ഊഹിച്ചു പറയൂ. ഓരോരുത്തർക്കും പറയാനവസരം നൽകണം.

പ്രതികരണങ്ങൾ ടീച്ചർ ബോർഡിൽ എഴുതുന്നു.

വെള്ളത്തിന്റെ ഉപയോഗവും അഭിനയിച്ചു കാണിക്കാൻ അവസരം നൽകിയാലോ?

പാഠപുസ്തകം പേജ് 41-ലെ ചിത്രം(അഭിനയം) നോക്കി അവതരിപ്പിക്കാം. തുടർന്ന്

- പേജ് 41 ലെ പൈപ്പിലെ വെള്ളം ഒഴുകിപ്പോകുന്ന ചിത്രം നിരീക്ഷിക്കുന്നു.

ചിത്രം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് എന്തൊക്കെ ചോദ്യങ്ങളാവാം?

- ടാപ്പ് തുറന്നിട്ടതാരായിരിക്കും?
- ഇത് കണ്ട മുത്തശ്ശി എന്തായിരിക്കും പറഞ്ഞത്?
- ഇതുപോലെ കണ്ടാൽ നിങ്ങളാണെങ്കിൽ എന്തു ചെയ്യും?

പ്രതികരണങ്ങൾ ബോർഡിൽ എഴുതുന്നു. ഓരോരുത്തരും പറഞ്ഞത് നോട്ട്ബുക്കിൽ എഴുതിക്കാം.




നോട്ട് ബുക്കിലേക്ക്

- ടീച്ചർ വേർഷൻ അവതരണം.

| **വെള്ളം പാഴാക്കരുത്.** | - നോട്ട്ബുക്കിലേക്ക് |
|---|---|

**വായിക്കാം, എഴുതാം** (പാഠപുസ്തകം, പേജ് 42) **പ്രവർത്തനം - 35**

കടയിൽ എന്തൊക്കെ തരം കുടകളുണ്ട്?
നോട്ട്ബുക്കിൽ ഏതൊക്കെ കുടകൾ വരയ്ക്കാനാവും?
അവയുടെ പേരെഴുതാമോ?

| | | |
|---|---|---|
| കറുത്ത കുട | - | ഓലക്കുട |
| കാലൻ കുട | - | പീപ്പിക്കുട |
| ചെവിയൻ കുട | - | മുത്തുക്കുട |
| വലിയ കുട | - | തലക്കുട /പുള്ളിക്കുട |
| ചെറിയ കുട | - | നീലക്കുട |

കുട എന്നെഴുതിയത് രണ്ട് സെറ്റിലും ഒരുപോലെയാണോ?
പറഞ്ഞുനോക്കൂ. ഇനി എഴുതിയാലോ?
കുട്ടികളുടെ എഴുത്തു ശേഷി വികസിപ്പിക്കുന്നതിന് ഞാൻ എന്തെല്ലാം ശ്രദ്ധിക്കണം? (പൊതുസമീപനം നോക്കുക)

**കുടയെ വിശേഷിപ്പിക്കാം** **പ്രവർത്തനം - 36**
(പാഠപുസ്തകം, പേജ് 42)

കുട - ചെറിയ കുട - പീപ്പിക്കുട

കുട - വലിയ കുട - ഓലക്കുട

**ചേർത്തു പാടാം**

**പ്രവർത്തനം - 37**

(പാഠപുസ്തകം, പേജ് 42)

വിവിധതരം കുടകളുടെ പേരുകൾ ചേർത്തു പാട്ട് വികസിപ്പിച്ച് പാടുന്നു.

**വരയ്ക്കാം, എന്റെ കുട**

**പ്രവർത്തനം - 38**

(പാഠപുസ്തകം, പേജ് 42)

- കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുന്നു. നിറം കൊടുക്കുന്നു.
- സ്വന്തം കുടയുടെ ചിത്രം വരയ്ക്കുന്നു.



വിലയിരുത്തൽ

**വിലയിരുത്തൽ**

- മെച്ചപ്പെട്ട രീതിയിൽ വരച്ചതാരൊക്കെ?
- മെച്ചപ്പെട്ട ചിത്രം കണ്ടെത്താൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ? എന്തെല്ലാം പരിഗണിക്കണം? (പൂർണത, ആകൃതി, വലുപ്പം........)

**കഥ പൂർത്തിയാക്കാം**

**പ്രവർത്തനം - 39**

(പാഠപുസ്തകം, പേജ് 43)

പാഠപുസ്തകം പേജ് 43 ലെ ഭാഗം വായിച്ചു നൽകുന്നു.

- ചിത്രം നിരീക്ഷിച്ച് കഥയിലെ അടുത്ത സന്ദർഭം പ്രവചിക്കാൻ അവസരം നൽകണം. (വൈവിധ്യമാർന്ന സാധ്യതകൾ)



**കഥ ഭാവനാപൂർവം വികസിപ്പിച്ചു പറയുന്നതിന് എന്തൊക്കെ തന്ത്രങ്ങളാണ് ടീച്ചർ സ്വീകരിക്കുക?**

**ഒളിച്ചിരിക്കുന്നതാര്?**

**പ്രവർത്തനം - 40**

(പാഠപുസ്തകം, പേജ് 43)

- പദങ്ങൾ വായിക്കാനുള്ള അവസരവും പരിസരപഠനത്തിലെ ആശയരൂപീകരണത്തിന്റെ ചാക്രികാരോഹണ സാധ്യതയും ഈ പ്രവർത്തനത്തിൽ അടങ്ങിയിട്ടുണ്ട്.
- പാഠപുസ്തകത്തിലെ പ്രവർത്തനം പൂർത്തീകരിക്കുന്നു.

**കഥ കേൾക്കാം** (പാഠപുസ്തകം, പേജ് 43-44)

**പ്രവർത്തനം - 41**

- ഉചിതമായ ശബ്ദവ്യതിയാനത്തോടെയും ഭാവത്തോടെയും പറയുന്ന കഥ കേൾക്കാനും കുട്ടിയുടെ ശ്രദ്ധാ ദൈർഘ്യം വർധിപ്പിക്കാനുമുള്ള പ്രവർത്തനമാണിത്.
- ആംഗ്യം, ഭാവം, ശബ്ദവ്യതിയാനം എന്നിവ പാലിച്ച് ടീച്ചർ കഥ വായിച്ചുകൊടുക്കുന്നു.

തുടർന്നുള്ള ഭാഗങ്ങൾ ഭാവനാപൂർവം പൂർത്തീകരിച്ചു പറയുന്നു.

- നേരത്തേ പഠിച്ച അക്ഷരങ്ങൾക്കുള്ള പുനരനുഭവങ്ങൾക്ക് എത്രമാത്രം സാധ്യതയുണ്ട്?

**ചങ്ങാതിത്തത്ത**

(പാഠപുസ്തകം, പേജ് 45)

**പ്രവർത്തനം - 42**

- മഴത്തുള്ളികളിലെ അക്ഷരങ്ങൾ ചേർത്ത് എത്ര വാക്കുകൾ നിർമിക്കാം?
- നേരത്തേ പഠിച്ച അക്ഷരങ്ങൾ കൂടി ചേർത്താലോ? (നോട്ട്ബുക്കിൽ/ അക്ഷരപുസ്തകത്തിൽ എഴുതുന്നു).


നോട്ട് ബുക്കിലേക്ക്



**ഈ യൂണിറ്റിൽ രൂപീകരിക്കുന്ന പാഠങ്ങൾ, (Evolving texts) ബിഗ്ബുക്കിലെ പേജുകളിൽ ക്രമീകരിക്കുന്നതെങ്ങനെയാവാം?**

മഴ വന്നു.
വിമല കുട ചൂടി.

മഴ മഴ മഴ മഴ മഴ മഴ വന്നു.
കുട കുട കുട കുട കുട കുട ചൂടി.

മഴ തോർന്നു.
വിമല നടന്നു.

മലയിൽ പോകാം.
മല നിറയെ മരം.
കമല പറഞ്ഞു.

പുഴക്കരയിൽ പോകാം.
വിമല പറഞ്ഞു.

മഴ വന്നു.
ചാറ്റൽ മഴ.

അവർ വാഴയില ചൂടി.
തല നനയാതെ പോയി.